"ഭരണഭാഷ-മാതൃഭാഷ"

DWCD/7465/2025-ICDSB7


വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 30-04-2026
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534


## സർക്കുലർ

വിഷയം:- വനിത ശിശുവികസന വകുപ്പ്- അങ്കണവാടി സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും അങ്കണവാടി പ്രവർത്തകരുടെ പ്രവർത്തനക്ഷമത, ഗുണഭോക്താക്കൾ, കുട്ടികൾ, എന്നിവരുമായുള്ള പരസ്പര ബന്ധം-മികവുറ്റതാക്കുന്നത്- മാർഗ്ഗനിർദ്ദേശങ്ങൾ.-സംബന്ധിച്ച്:-

സൂചന:-

സംസ്ഥാനത്തെ ശിശുവികസന മേഖലയിൽ അങ്കണവാടികൾ വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. അങ്കണവാടികളിലൂടെ നൽകിവരുന്ന സേവനങ്ങളുടെ ഗുണനിലവാരവും, പൊതുജനങ്ങളോടും കുട്ടികളോടും രക്ഷാകർത്താക്കളോടും ഉദ്യോഗസ്ഥരോടും ജനപ്രതിനിധികളോടുമുള്ള അങ്കണവാടി പ്രവർത്തകരുടെ പെരുമാറ്റം കൂടുതൽ മികവുറ്റതാക്കുന്നതിനായി എല്ലാ അങ്കണവാടി പ്രവർത്തകരും താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

- നിശ്ചിത സമയക്രമം അനുസരിച്ച് അങ്കണവാടികൾ തുറന്നു പ്രവർത്തിക്കേണ്ടതാണ്.

- അങ്കണവാടികളിലെ ഭക്ഷണസാധനങ്ങൾ വൃത്തിയായും സുരക്ഷിതമായും സൂക്ഷിക്കുകയും ഭക്ഷണസാധനങ്ങൾ പാഴാക്കി കളയാതിരിക്കുവാനു പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

- അങ്കണവാടിയിലെ ഭൗതിക സാഹചര്യങ്ങൾ കുട്ടികളുടെ ആരോഗ്യത്തെ നേരിട്ട് ബാധിക്കുന്നവയാണ്. ആയതിനാൽ അങ്കണവാടികളിലെ വാട്ടർ ടാങ്ക് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് വൃത്തിയാക്കേണ്ടതാണ്. കോളിഫോം ബാക്ടീരിയ പോലുള്ളവയുടെ സാന്നിധ്യം കണ്ടെത്തിയാൽ അടിയന്തരമായി ഉറവിടം ശുദ്ധീകരിക്കുകയും കുട്ടികൾക്ക് സുരക്ഷിതമായ കുടിവെള്ളം മാത്രം നൽകേണ്ടതുമാണ്.

- അങ്കണവാടി പരിസരം, അടുക്കള, ടോയിലറ്റ്, കുടിവെള്ള ടാങ്ക്, ഭക്ഷണം പാകം ചെയ്യുന്നതതിനും മറ്റുമായി എടുക്കുന്ന പാത്രങ്ങൾ എന്നിവ അതീവ ശുചിത്വത്തോടെ പരിപാലിക്കേണ്ടതാണ്

- മെഡിസിൻ കിറ്റുകൾ അവസാന തീയതിക്ക് മുമ്പായി വിതരണം ചെയ്യുന്നതിനുള്ള നടപടി ആരോഗ്യവകുപ്പുമായി ചേർന്ന് സ്വീകരിക്കേണ്ടതാണ്. കാലഹരണപ്പെട്ട മെഡിസിനുകൾ അങ്കണവാടിയിൽ സൂക്ഷിക്കുന്നില്ല എന്ന് അങ്കണവാടി പ്രവർത്തകരും ബന്ധപ്പെട്ട സൂപ്പർവൈസർമാരും നിർബന്ധമായും ഉറപ്പു വരുത്തേണ്ടതാണ്.

- കുട്ടികളുടെ ശാരീരികമോ മാനസികമോ ആയ അവസ്ഥകളെ പരിഹസിക്കുന്ന രീതിയിലുള്ള പ്രസ്താവനകളോ അപവാദ പ്രചരണങ്ങളോ പ്രവർത്തകരുടെ ഭാഗത്തുനിന്ന് ഉണ്ടാകുവാൻ പാടില്ല. ഇത്തരം പ്രവൃത്തികൾ കുട്ടികളിൽ മാനസികാഘാതം (Mental Trauma) സൃഷ്ടിക്കുന്നതിനാൽ ആയത് ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

- കുട്ടികളുടെ ആരോഗ്യ നില കൃത്യമായി വിലയിരുത്തേണ്ടതും വളർച്ച കുറവുള്ള കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ നൽകണ്ടേതുമാണ്.
- ഓരോ കുട്ടിയുടെയും ശാരീരികവും മാനസികവുമായ കഴിവുകൾ (Abilities) വ്യത്യസ്തമായിരിക്കും. അതിനാൽ "എല്ലാവർക്കും ഒരേ രീതി" എന്നതിന് പകരം, ഓരോ കുട്ടിയുടെയും പ്രത്യേകതകൾ അറിഞ്ഞ് വേണ്ട പരിചരണം നൽകേണ്ടതും കുട്ടികൾക്ക് ആവശ്യമായ ടോയിലറ്റ് ട്രെയിനിംഗ് നൽകുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുമാണ്.
- കുട്ടികളുടെ അമ്മമാരുടെ യോഗത്തിൽ രാവിലെ തന്നെ കുട്ടികൾ ടോയിലറ്റിൽ പോകുന്നതിനുള്ള ട്രെയിനിംഗ് നൽ കുവാനും ടോയിലറ്റ് ട്രെയിനിംഗിന്റെ പ്രാധാന്യത്തെ കുറിച്ച് അമ്മമാർക്ക് വേണ്ട ബോധവൽക്കരണവും നൽകേണ്ടതുമാണ്. കുട്ടികളുടെ ബാഗിൽ എപ്പോഴും ഒരു ജോഡി ഡ്രസ്സ്, ടൗവൽ എന്നിവ കരുതേണ്ടതാണെന്ന് രക്ഷാകർത്താക്കളോട് അറിയിക്കേണ്ടതുമാണ്..
- കുട്ടികൾ ടോയിലറ്റിൽ പോകുമ്പോൾ അവരെ ഭയപ്പെടുത്തുന്ന/ താക്കീത് നൽകുന്ന രീതിയിൽ സംസാരിക്കുന്നത് ഒഴിവാക്കുക. കുട്ടികൾക്ക് അങ്കണവാടികൾ അവരുടെ ഗൃഹാന്തരീക്ഷരീക്ഷത്തിനു സമാനമാക്കുക
- ടോയിലറ്റ് ഉപയോഗം കഴിഞ്ഞാൽ ശുചിത്വം ഉറപ്പാക്കുന്നതിന് കുട്ടികളും അങ്കണവാടി പ്രവർത്തകരും സോപ്പ് ഉപയോഗിച്ച് വ്യക്തി ശുചിത്വം ഉറപ്പാക്കുക.
- ടോയിലറ്റിൽ പോകുന്നതിന് മുൻപ് കുട്ടികൾ അറിയാതെ മലമൂത്രവിസർജനം നടത്തിയാൽ പ്രസ്തുത സ്ഥലവും കുട്ടിയേയും വൃത്തിയാക്കാൻ പ്രവർത്തകർ ഉടൻ തന്നെ നടപടി സ്വീകരിക്കുക. ആയതിനുള്ള സജ്ജീകരണം ഉണ്ട് എന്ന് മുൻകൂട്ടി തന്നെ ഉറപ്പാക്കുക. ടി വിഷയത്തിൽ കുട്ടിയെ ശകാരിക്കുകയോ, പരിഹസിക്കുകയോ ചെയ്യാതിരിക്കേണ്ടതും, സഹപാഠികളിൽ നിന്നുള്ള കളിയാക്കൽ ഉണ്ടാകുന്നില്ല എന്ന് ശ്രദ്ധിക്കേണ്ടതുമാണ്.
- പാമ്പ് പോലുള്ള ഇഴജന്തുക്കൾ വരാതിരിക്കാൻ അങ്കണവാടിയുടെ പരിസരത്തുള്ള കാടുകൾ/പുല്ലുകൾ വെട്ടി വൃത്തിയാക്കുവാൻ ശ്രദ്ധിക്കുക. കൂടാതെ ഇഴജന്തുക്കൾക്ക് അങ്കണവാടി കെട്ടിടത്തിൽ ഇരിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ പുസ്തകങ്ങളോ പേപ്പറുകളോ മറ്റ് ഉപയോഗ ശൂന്യമായ വസ്തുക്കളോ കൂട്ടി വയ്ക്കുന്നില്ലയെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഉപയോഗശൂന്യമായ സാധനങ്ങൾ അടിയന്തിരമായി അങ്കണവാടിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. കുട്ടികളുടെ കളിസ്ഥലങ്ങൾ എല്ലാ ദിവസവും പരിശോധിച്ച് അപകടകരമായ സാഹചര്യം ഇല്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.
- അങ്കണവാടി സമയത്ത് കുട്ടികൾക്ക് ഏതെങ്കിലും തരത്തിലുള്ള അപകടങ്ങളോ ആരോഗ്യപ്രശ്നങ്ങളോ ഉണ്ടാകുന്ന പക്ഷം അടിയന്തിരമായി പ്രാഥമിക ശുശ്രൂഷ നൽകേണ്ടതും തുടർന്ന് ഉടൻ തന്നെ വിവരം രക്ഷകർ ത്താക്കളെയും തുടർന്ന് ബന്ധപ്പെട്ട സൂപ്പർവൈസറെയും അറിയിക്കേണ്ടതാണ്. വിഷയത്തിന്റെ ഗൗരവം അനുസരിച്ച് ശിശു വികസന പദ്ധതി ഓഫീസർ സംഭവ സ്ഥലം സന്ദർശിക്കേണ്ടതും തുടർ നടപടി സ്വീകരിച്ച് വിഷയം മേലുദ്യോഗസ്ഥരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. ടി വിഷയത്തിന്റെ പ്രാധാന്യം മനസിലാക്കി അതാത് പ്രോഗ്രാം ഓഫീസർമാർ / ജില്ലാ വനിത ശിശു വികസന ഓഫീസർമാർ യഥാസമയം തന്നെ വനിത ശിശു വികസന ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- രക്ഷിതാക്കളോട് സത്യസന്ധമായ വിവരങ്ങൾ കൈമാറുന്നതിലൂടെയും പരാതിക്കിടയാക്കുന്ന സംഭവങ്ങൾ സൃഷ്ടിക്കാതിരിക്കുന്നതിലൂടെയും, അഥവാ പരാതികളു ണ്ടായാൽ അടിയന്തിര പരിഹാരം കാണുന്നതിലൂടെയും മാത്രമേ അങ്കണവാടികൾക്ക് ജനകീയ അടിത്തറ ,വിശ്വാസ്യത എന്നിവ നേടാനാവൂ. രക്ഷിതാക്കളുമായി സുതാര്യമായ ആശയവിനിമയം നടത്തി പരാതികൾ ക്ഷമയോടെ കേട്ട് ആയതിന് പരിഹാരം കാണുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- അങ്കണവാടി പ്രവർത്തകർ പരസ്പര സഹകരണത്തോടെ പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും രക്ഷിതാക്കളുമായും പ്രാദേശിക ജനപ്രതിനിധികളുമായും പൊതുജനങ്ങളുമായും മാന്യവും സൗഹാർദ്ദപരവുമായ ബന്ധം പുലർത്തേണ്ടതുമാണ്. സേവനം തേടിയെത്തുന്നവരോടുള്ള പെരുമാറ്റം എപ്പോഴും സേവന സന്നദ്ധതാ മനോഭാവത്തോടെയാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

- ഓരോ കുട്ടിയും അർഹിക്കുന്ന സുരക്ഷയും അന്തസ്സും ഉറപ്പുവരുത്താൻ പ്രവർത്തകർക്ക് നിയമപരമായ ബാധ്യതയുണ്ട്. കുട്ടികളെ ഭയപ്പെടുത്തുന്ന രീതിയിലുള്ള പെരുമാറ്റമോ ക്രൂരമായ നടപടികളോ യാതൊരു കാരണവശാലും അനുവദനീയമല്ല.
- സേവന റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനായി നിലവിലുള്ള ഡിജിറ്റൽ സംവിധാനങ്ങളിലൂടെ നൂറു ശതമാനം കൃത്യതയോടെ രേഖപ്പെടുത്തൽ വരുത്തേണ്ടതാണ്.
- വകുപ്പ് നടത്തുന്ന പരിശീലന പരിപാടികളിൽ എല്ലാ പ്രവർത്തകരും സജീവമായി പങ്കെടുത്ത് അറിവ് പുതുക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

Digitally signed by
Vigneshwari V
Date: 30-04-2026
18:53:21